3. ഉറുമി ഒന്നാംഘട്ടം – 3.75 മെഗാവാട്ട്
(8/2003-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.)

4. ഉറുമി രണ്ടാംഘട്ടം – 2.40 മെഗാവാട്ട്
(8/2003-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.)

(ഇ) താഴെ പറയുന്ന മേഖലകളിൽ ചൈനയിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്.

1. പദ്ധതി രൂപകല്പന.
2. ഓൺസൈറ്റ് കൺസൾട്ടേഷൻ
3. ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെ സപ്ലൈയും അവയുടെ ഇറക്ഷനും ചൈനയിലെ എച്ച്.ഐ.സി./ഐ.എൻ.എസ്.എച്ച്.പി. എന്ന കമ്പനിയാണ് നൽകിയിട്ടുള്ളത്.

(എഫ്)

		സിവിൽ വർക്ക് (അടങ്കൽ തുക)	മെഷീൻ സപ്ലൈ (യു.എസ്. ഡോളർ)	ഇറക്ഷൻ (യു.എസ്. ഡോളർ)
1.	ചെംപുക്കടവ് ഒന്നാംഘട്ടം	372 ലക്ഷം	946,671	135,934
2.	ചെംപുക്കടവ് രണ്ടാംഘട്ടം	470 ലക്ഷം	1,034,741	136,292
3.	ഉറുമി ഒന്നാംഘട്ടം	548 ലക്ഷം	914,212	134,461
4.	ഉറുമി രണ്ടാംഘട്ടം	455 ലക്ഷം	829,963	130,726

കൂടാതെ മേൽപ്പറഞ്ഞ നാലു പദ്ധതികൾക്കും കൂടിയുള്ള കൺസൾട്ടൻസി ചാർജ്ജ് 142.320 യു.എസ്. ഡോളറാണ്.

ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

10 (2288) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഗ്രാമീണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുപകരം എന്തെങ്കിലും സമാന സ്വഭാവമുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻ ഗവൺമെന്റിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകൾ ഗ്രാമീണ വൈദ്യുതീകരണത്തിനു വേണ്ടി ബോർഡിന് തുക കെട്ടി വയ്ക്കുകയും പിന്നീട് നടപ്പിലാക്കാതെ പോവുകയും ചെയ്ത എത്ര പദ്ധതികളാണുള്ളത് ;

(ഡി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) പ്രസക്തമല്ല.

(സി) 533 പദ്ധതികൾ പൂർത്തിയാക്കുവാനുണ്ട്.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

കൊല്ലം	43
കോട്ടയം	100
തൃശൂർ	2
എറണാകുളം	1
കോഴിക്കോട്	258
മലപ്പുറം	15
പാലക്കാട്	12
കണ്ണൂർ	0
വയനാട്	4
മൊത്തം	633

ഗ്രാമീണ കാർഷിക മേഖലകളിൽ നൽകിയ കണക്ഷനുകൾ

11 (2289) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ മേഖലയിൽ നൽകിയ ഗാർഹിക കണക്ഷനുകൽ എത്ര ;

(ബി) കാർഷിക മേഖലയിൽ നൽകിയ കണക്ഷനുകളിൽ എത്ര എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമീണ മേഖലകളിൽ 3,00,880 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) കാർഷിക മേഖലയിൽ 25,340 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly